**കേരള സർക്കാർ**

**ധനകാര്യ (പി.എഫ്) വകുപ്പ്**

**പരിപത്രം**

നം. 06/2018/ധന. തിരുവനന്തപുരം, തീയതി 10/01/2018

വിഷയം:- 29.01.2016 വരെ നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുടെ ശമ്പള കുടിശ്ശിക നിലവിലുള്ള പി.എഫ് അക്കൗണ്ടിൽ ലയിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ (അച്ചടി) നം.29/16/പൊ.വി.വ. തീയതി 29.01.2016.

2. സ.ഉ (സാധാ) നം.2012/2017/പൊ.വി.വ. തീയതി 23.06.2017.

അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ നിയമനാംഗീകാരം സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ 1, 2, 3 ഖണ്ഡികകളനുസരിച്ച് നിയമനാംഗീകാരം ലഭിക്കുന്ന ജീവനക്കാരുടെ 29.01.2016 വരെയുള്ള ശമ്പള കുടിശ്ശിക പി.എഫിൽ നിക്ഷേപിക്കണമെന്ന് ഖണ്ഡിക II (6) പ്രകാരം നിർദ്ദേശിച്ചിരുന്നു. തുടർന്ന് പരാമർശം (2) ലെ ഉത്തരവിൻ പ്രകാരം 29.01.2016 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച് പി.എഫ് അക്കൗണ്ട് ആരംഭിക്കുന്നതിന് മുൻപ് എയിഡഡ് അദ്ധ്യാപക/അനദ്ധ്യാപക തസ്തികയിൽ നിന്നും മറ്റ് സർവ്വീസുകളിലേയ്ക്ക് മാറിപ്പോയവർക്കും, പി.എഫിൽ അംഗത്വമില്ലാത്തവർ/അംഗത്വം നിർബന്ധമല്ലാത്തവർ എന്നിവർക്കും അവർ എൽ.പി/യു.പി/ഹൈസ്കൂളുകളിൽ സേവനമനുഷ്ഠിച്ച കാലയളവിലെ ശമ്പളം ധനമായി നൽകുവാൻ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ഈ ഗണത്തിൽപ്പെടുന്ന വളരെയധികം അപേക്ഷകൾ സർക്കാരിനു ലഭിച്ചുവരുന്നതായി കാണുന്നു. പ്രസ്തുത അപേക്ഷകൾ അനുവദിയ്ക്കുന്നതു വഴി സർക്കാരിന് ഭീമമായ അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതായി കണക്കാക്കപ്പെടുന്നു.

മേൽ സാഹചര്യത്തിൽ, പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ പെൻഷൻ പറ്റിപ്പോയവർ/ പി.എഫ് അംഗത്വം നിർബന്ധമല്ലാത്തവർ എന്നിവരൊഴിച്ചുള്ളവരുടെ മുൻകാല ശമ്പള കുടിശ്ശിക സ.ഉ (അച്ചടി) നം.29/16/പൊ.വി.വ. തീയതി 29.01.2016 ലെ ഖണ്ഡിക II (6) ലെ വ്യവസ്ഥകൾക്കു വിധേയമായി നിലവിലുള്ള പി.എഫ് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

ഈ വിഷയത്തിൽ മുൻപ് തീർപ്പാക്കിയ അപേക്ഷകൾ പുന:പരിശോധിക്കേണ്ടതില്ല.

**ഡോ.ഷർമ്മിള മേരി ജോസഫ് IAS**
ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറി,
ധനകാര്യ വകുപ്പ്

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എല്ലാ ഭരണ വകുപ്പുകൾക്കും
എല്ലാ വകുപ്പ മേധാവികൾക്കും
നോഡൽ ഓഫീസർ, www.financekerala.gov.in.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.